കേരളാ ടൈംസ്

ഏപ്രിൽ പ്രത്യേക പതിപ്പ് 2026

APRIL 2026 WWW.KERALATIMES.COM news@keralatimes.com



UDF SWEEPS KERALA

HISTORIC WIN IN 2026 ELECTIONS

LDF FALTERS, BJP OPENS ACCOUNT WITH 3 SEATS



INDIAN OVERSEAS CONGRESS USA

KERALA CHAPTER

കേരളാ കൈരളി ടൈംസ്



കേരളത്തിന്റെ ജനവിധിയുടെ പുതുയാത്രയ്ക്ക് യു.ഡി.എഫിന് ആശംസകൾ

കേരള നിയമസഭ തിരഞ്ഞെടുപ്പ് 2026-ൽ യു.ഡി.എഫ് നേടിയ ഈ ചരിത്രവിജയം കേരള ജനതയുടെ മനസ്സിലുള്ള മാറ്റത്തിന്റെ ശക്തമായ പ്രഖ്യാപനമാണെന്ന് ഞാൻ വിശ്വസിക്കുന്നു. വിജയിച്ച എല്ലാ യു.ഡി.എഫ് സ്ഥാനാർഥികൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുന്നതിനോടൊപ്പം, ഈ വിജയത്തിന് പിന്നിൽ പ്രവർത്തിച്ച ആയിരക്കണക്കിന് പ്രവർത്തകർക്കും ജനാധിപത്യ വിശ്വാസികൾക്കും എന്റെ നന്ദിയും ആദരവും രേഖപ്പെടുത്തുന്നു.

പ്രതിപക്ഷ നേതാവ് വി.ഡി. സതീശന്റെ ശക്തമായ നേതൃത്വവും ജനകീയ ഇടപെടലുകളും ഈ തെരഞ്ഞെടുപ്പിന്റെ ഏറ്റവും വലിയ കരുത്തായി മാറി. സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ നിയമസഭയ്ക്കകത്തും പുറത്തും ശക്തമായി ഉന്നയിച്ച് ജനങ്ങളുടെ വിശ്വാസം നേടിയെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അതുപോലെ തന്നെ മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയുടെ രാഷ്ട്രീയ പരിചയസമ്പത്തും പ്രവർത്തന മികവും യു.ഡി.എഫിന്റെ മുന്നേറ്റത്തിന് വലിയ ഊർജമായി. കോൺഗ്രസിന്റെയും യു.ഡി.എഫിന്റെയും എല്ലാ നേതാക്കളും പ്രവർത്തകരും ഒറ്റക്കെട്ടായി പ്രവർത്തിച്ചതാണ് ഈ വിജയത്തിന്റെ അടിസ്ഥാനം.

ഈ തിരഞ്ഞെടുപ്പ് പ്രചാരണ കാലഘട്ടത്തിൽ കേരളത്തിന്റെ എല്ലാ ജില്ലകളിലും നടന്ന പൊതുയോഗങ്ങൾ, കുടുംബസംഗമങ്ങൾ, റോഡ് ഷോകൾ, യുവജന-മഹിളാ സംഗമങ്ങൾ എന്നിവയിൽ വലിയ ജനപങ്കാളിത്തം ഉണ്ടായത് യു.ഡി.എഫിനോടുള്ള ജനങ്ങളുടെ പ്രതീക്ഷയുടെ തെളിവായിരുന്നു. ജനങ്ങളോട് നേരിട്ട് സംവദിക്കുകയും അവരുടെ ജീവിത പ്രശ്നങ്ങൾ കേൾക്കുകയും പരിഹാര വാഗ്ദാനങ്ങൾ നൽകുകയും ചെയ്ത നേതാക്കളുടെ ആത്മാർത്ഥ സമീപനം ജനഹൃദയങ്ങളെ സ്വാധീനിച്ചു.

കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ പ്രവാസി മലയാളികളുടെ പങ്ക് എന്നും ശ്രദ്ധേയമായിരുന്നു. ഈ തെരഞ്ഞെടുപ്പിലും അതിന് വലിയ മാറ്റമൊന്നുമുണ്ടായില്ല. ഗൾഫ് രാജ്യങ്ങളിൽ നിന്നും അമേരിക്ക, കാനഡ, യൂറോപ്പ്, ഓസ്ട്രേലിയ ഉൾപ്പെടെയുള്ള ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമെത്തിയ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്, ഒ.ഐ.സി.സി, ഇൻകാസ് സംഘടനകളുടെ നേതാക്കളും പ്രവർത്തകരും കേരളത്തിലെ വിവിധ മണ്ഡലങ്ങളിൽ സജീവമായി പ്രവർത്തിച്ചു. സ്വന്തം ജോലികളും വ്യക്തിപരമായ തിരക്കുകളും മാറ്റിവെച്ച് കേരളത്തിന്റെ ജനാധിപത്യ ഭാവിക്കായി പ്രവർത്തിച്ച പ്രവാസി സഹോദരങ്ങളുടെ സമർപ്പണം പ്രശംസനീയമാണ്.

പ്രത്യേകിച്ച് ഗൾഫ് മേഖലയിലെ കോൺഗ്രസ് പ്രവർത്തകരും അമേരിക്കയിലെ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് നേതാക്കളും തെരഞ്ഞെടുപ്പ് പ്രചാരണത്തിന് വലിയ പിന്തുണ നൽകി. സോഷ്യൽ മീഡിയ പ്രചാരണങ്ങളിൽ നിന്നും പൊതുയോഗങ്ങളുടെ ഏകോപനത്തിലേക്കും വീടുകളിലെത്തി വോട്ടർമാരുമായി സംവദിക്കുന്നതിലേക്കും വരെ അവർ സജീവമായി പങ്കെടുത്തു. കേരളത്തിന്റെ രാഷ്ട്രീയ മാറ്റത്തിനായി പ്രവാസി മലയാളികൾ കാട്ടിയ ഈ ആത്മാർത്ഥത ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടേണ്ട ഒന്നാണ്.

ഇത് ഒരു രാഷ്ട്രീയ മുന്നേറ്റം മാത്രമല്ല; ജനങ്ങളുടെ പ്രതീക്ഷകളുടെ വിജയമാണ്. യുവാക്കളുടെ തൊഴിൽ സ്വപ്നങ്ങൾ, സ്ത്രീകളുടെ സുരക്ഷയും പുരോഗതിയും, കർഷകരുടെ പ്രശ്നങ്ങളും സാധാരണ ജനങ്ങളുടെ ജീവിത ബുദ്ധിമുട്ടുകളും പരിഹരിക്കാൻ കഴിയുന്ന ഒരു പുതിയ ഭരണ സംവിധാനത്തിനായുള്ള ആഗ്രഹമാണ് ഈ തിരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നത്. ജനങ്ങൾ നൽകിയ ഈ വിശ്വാസം സംരക്ഷിച്ച് സുതാര്യവും ജനകീയവുമായ ഭരണമാണ് പുതിയ സർക്കാർ കാഴ്ചവെക്കേണ്ടത്.

കേരളത്തിന്റെ ഭാവി കൂടുതൽ ശക്തവും വികസിതവുമായ പാതയിലേക്ക് നയിക്കാൻ യു.ഡി.എഫ് നേതൃത്വത്തിന് കഴിയട്ടെയെന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു. ജനങ്ങളുടെ വിശ്വാസം ഉയർത്തിപ്പിടിച്ച് ഐക്യത്തോടെയും ഉത്തരവാദിത്വത്തോടെയും പ്രവർത്തിക്കേണ്ട വലിയ ദൗത്യമാണ് ഇനി മുന്നിലുള്ളത്.

കേരള ജനതയ്ക്ക് ഒരിക്കൽ കൂടി ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. വിജയിച്ച എല്ലാ യു.ഡി.എഫ് സ്ഥാനാർഥികൾക്കും ആശംസകൾ നേരുന്നു. ഈ വിജയം ജനങ്ങളുടെതും ജനാധിപത്യത്തിന്റെയും വിജയമായി ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടും.

പോൾ കറുകപ്പിള്ളിൽ
ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്സ് കേരള ചാപ്റ്റർ ചെയർമാൻ
കേരളടൈംസ് മാനേജിങ് ഡയറക്ടർ

കേരളാ കൈടംസ്

INDIAN OVERSEAS CONGRESS USA

KERALA CHAPTER





WITH BEST COMPLIMENTS FROM

പോൾ കറുകപ്പിള്ളിൽ

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്സ് കേരള ചാപ്റ്റർ ചെയർമാൻ

കേരളടൈംസ് മാനേജിങ് ഡയറക്ടർ

KERALA TIMES

INDIAN OVERSEAS CONGRESS USA


NEW YORK











WITH BEST COMPLIMENTS FROM

പോൾ കറുകപ്പിള്ളിൽ

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്സ് കേരള ചാപ്റ്റർ ചെയർമാൻ

കേരളടൈംസ് മാനേജിങ് ഡയറക്ടർ

KERALA TIMES

കേരളാ ടൈംസ്

കേരളത്തിൽ കോൺഗ്രസ് നേതൃത്വത്തിലുള്ള യുഡിഎഫ് വിജയം: ജനാധിപത്യ മൂല്യങ്ങളുടെ പുനസ്ഥാപനമെന്ന് ഇന്ത്യൻ ഓവർസീസ് കോൺ ഗ്രസ് യു.എസ്.എ



കേരള നിയമസഭ തിരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണി നേടിയ നിർണായക വിജയത്തെ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് യു.എസ്.എ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളോടെ സ്വാഗതം ചെയ്തു. പുതിയ സർക്കാർ ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുകയും സുതാര്യവും ഉത്തരവാദിത്തപരവുമായ ഭരണ സംവിധാനം ഉറപ്പാക്കുകയും ചെയ്യും എന്ന ആത്മവിശ്വാസവും സംഘടന പ്രകടിപ്പിച്ചു.

“കേരളം പുതിയൊരു രാഷ്ട്രീയ അധ്യായത്തിലേക്കാണ് നിർണായകമായി കടന്നിരിക്കുന്നത്,” എന്ന് ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് യു.എസ്.എ വൈസ് ചെയർമാൻ ജോർജ് എബ്രഹാം പ്രസ്താവിച്ചു. “കൂടുതൽ ഏകാധിപത്യപരവും ഉത്തരവാദിത്തമില്ലാത്തതുമായ ഭരണശൈലിയെന്ന വിലയിരുത്തലിനെ കേരള ജനത തള്ളിക്കളഞ്ഞിരിക്കുകയാണ്. മാറ്റത്തിനും സത്യസന്ധതക്കും ജനാധിപത്യ മൂല്യങ്ങൾക്കും അനുകൂലമായ ജനവിധിയാണ് ഇത്തവണ ഉണ്ടായിരിക്കുന്നത്.

‘പിണറായിസം’ എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന രാഷ്ട്രീയ സമീപനത്തിന് വിരാമമിട്ട്, ആരോഗ്യകരമായ ദ്വിമുഖ രാഷ്ട്രീയ മത്സരത്തോടുള്ള പ്രതിബദ്ധതയാണ് ജനങ്ങൾ വീണ്ടും ഉറപ്പിച്ചിരിക്കുന്നത്. അതിലൂടെ വർഗീയ ശക്തികളെ ചെറുക്കുകയും കേരളത്തിന്റെ സാമൂഹിക സൗഹാർദ്ദം സംരക്ഷിക്കുകയും ചെയ്യാനാകുമെന്ന് ഈ ജനവിധി തെളിയിക്കുന്നു.”

പ്രതിപക്ഷ നേതാവായി മുന്നിൽ നിന്നു പോരാട്ടം നയിച്ച വി.ഡി. സതീശന് സംഘടന പ്രത്യേക അഭിനന്ദനങ്ങൾ നേർന്നു. അധികാരമേൽക്കുന്ന പുതിയ സർക്കാരിനും ആശംസകൾ അറിയിച്ച സംഘടന, ജനങ്ങളുടെ പ്രതീക്ഷകൾ നിറവേറ്റുന്ന ജനകീയവും കാര്യക്ഷമവുമായ ഭരണമാണ് ഇനി കേരളത്തിൽ ഉണ്ടാകുമെന്ന് പ്രത്യാശ പ്രകടിപ്പിച്ചു.

സ്നേഹപൂർവ്വം,

ഐ.ഒ.സി
യു.എസ്.എ പി.ആർ.





ജനനായകനൊപ്പം





കേരളാ ടൈംസ്










UDF


INDIAN OVERSEAS CONGRESS USA
KERALA CHAPTER ,NEW YORK


VOTE FOR UDF
VOTE FOR UDF
കേരളം
ജയിക്കും
യുഡിഎഫ്
നയിക്കും

കേരളാ ടൈംസ്

അങ്കമാലിയിൽ യുഡിഎഫ് പ്രചാരണത്തിന് ശക്തിപകർന്ന് പ്രമുഖ പ്രവാസി നേതാവും
ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്സ് കേരള ചാപ്റ്റർ ചെയർമാനുമായ
ശ്രീ പോൾ കറുകപ്പിള്ളിൽ. റോജി എം. ജോണിന് പിന്തുണ ശക്തം
















കേരളാ ടൈംസ്


UDF
UDF


UDF
Le Pin


e Pink Boutique
KL43
F.4964



UDF
കൊച്ചി നിയോജകമണ്ഡലം
തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ്
ഉദ്ഘാടനം: ബഹു: ഹൈബി ഈഡൻ എം. പി.
22/03/2026 ഞായറാഴ്ച
പ്രമുഖ നേതാക്കൾ പങ്കെടുക്കുന്നു


UDF
കൊച്ചി നിയോജകമണ്ഡലം
തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ്
ഉദ്ഘാടനം: ബഹു: ഹൈബി ഈഡൻ എം. പി.
22/03/2026 ഞായറാഴ്ച

കേരളാ ടൈംസ്


നമ്മുടെ കൊച്ചി
നമ്മുടെ ഷിയാസ്
കൊച്ചി
നിയോജക
മണ്ഡലം
UDF
സ്ഥാനാർത്ഥി
മുഹമ്മദ്
ഷിയാസിനെ
വിജയിപ്പിക്കുക











കേരളാ ടൈംസ്











കേരളാ ടൈംസ്











കേരളാ ടൈംസ്
















കേരളാ ടൈംസ്






മാവേലിക്കര നിയോജകമണ്ഡലം
തിരഞ്ഞെടുപ്പ്
കമ്മിറ്റി ആഫീസ്
അഡ്വ:
മുത്താര
രാജൻ






KERALA ELECTION MEET 2026
IOC INCAS OICC
FLAG OFF OF INCAS UAE
ELECTION CAMPAIGN
കുടുംബ
സംഗമം
SAAJ
EVENTS
KAYAMKULAM
8075707566

കേരളാ കിടിംസ്

INDIAN OVERSEAS CONGRESS USA

KERALA CHAPTER



എറണാകുളം ജില്ല

വിജയികൾക്ക് അഭിനന്ദനങ്ങൾ



പറവൂർ

വി.ഡി സതീശൻ



എറണാകുളം

ടി.ജെ വിനോദ്



തൃപ്പുണിത്തുറ

ദീപക് ജോയ്



തൃക്കാക്കര

ഉമ തോമസ്



വൈപ്പിൻ

ടോണി ചമ്മണി



കൊച്ചി

മുഹമ്മദ് ഷിയാസ്



ആലുവ

അൻവർ സാദത്ത്



കുന്നത്തുനാട്

വി. പി സജീന്ദ്രൻ



അങ്കമാലി

റോജി എം. ജോൺ



പെരുമ്പാവൂർ

മനോജ് മൂത്തേടൻ




മുവാറ്റുപുഴ

ഡോ. മാത്യു കുഴൽനാടൻ



കളമശ്ശേരി

വി. പി അബ്ദുൾ ഗഫൂർ



കോതമംഗലം

ഷിബു തെക്കുംപുറം



പിറവം

അനൂപ് ജേക്കബ്

കേരളാ ടൈംസ്


INDIAN OVERSEAS CONGRESS USA
KERALA CHAPTER



തിരുവനന്തപുരം ജില്ല

വിജയികൾക്ക് അഭിനന്ദനങ്ങൾ















കേരളാ ടൈംസ്

INDIAN OVERSEAS CONGRESS USA

KERALA CHAPTER



കൊല്ലം ജില്ല

വിജയികൾക്ക് അഭിനന്ദനങ്ങൾ



കരുനാഗപ്പള്ളി

സി. ആർ മഹേഷ്



ചവറ

ഷിബു ബേബി ജോൺ



കുന്നത്തൂർ

ഉല്ലാസ് കോവൂർ



പത്തനാപുരം

ജ്യോതികുമാർ ചാമക്കാല



ചടയമംഗലം

എം. എം നസീർ



കുണ്ടറ

പി. സി വിഷ്ണുനാഥ്



കൊല്ലം

അഡ്വ. ബിന്ദു കൃഷ്ണ



ഇരവിപുരം

വിഷ്ണു മോഹൻ

കേരളാ ടൈംസ്

INDIAN OVERSEAS CONGRESS USA
KERALA CHAPTER



പത്തനംതിട്ട ജില്ല

വിജയികൾക്ക്
അഭിനന്ദനങ്ങൾ





കേരളാ ടൈംസ്

INDIAN OVERSEAS CONGRESS USA

KERALA CHAPTER



ആലപ്പുഴ ജില്ല

വിജയികൾക്ക് അഭിനന്ദനങ്ങൾ

അരൂർ



ഷാനിമോൾ ഉസ്മാൻ

ആലപ്പുഴ



എ. ഡി തോമസ്

ഹരിപ്പാട്



രമേശ് ചെന്നിത്തല

കായംകുളം



അഡ്വ. എം. ലിജു

അമ്പലപ്പുഴ



ജി. സുധാകരൻ

കുട്ടനാട്



റെജി ചെറിയാൻ

കേരളാ ടൈംസ്



ഇടുക്കി ജില്ല

വിജയികൾക്ക്
അഭിനന്ദനങ്ങൾ

ദേവികുളം



എഫ്. രാജ

ഉടുമ്പൻചോല



അഡ്വ. സേനാപതി വേണു

ഇടുക്കി



റോയി കെ പൗലോസ്

പീരുമേട്



അഡ്വ. സിറിയക് തോമസ്

തൊടുപുഴ



അപു ജോൺ ജോസഫ്

കേരളാ ടൈംസ്

INDIAN OVERSEAS CONGRESS USA

KERALA CHAPTER



കോട്ടയം ജില്ല

വിജയികൾക്ക് അഭിനന്ദനങ്ങൾ



വൈക്കം

കെ. ബിനിമോൻ



ഏറ്റുമാനൂർ

നാട്ടകം സുരേഷ്



കോട്ടയം

തിരുവഞ്ചൂർ രാധാകൃഷ്ണൻ



പുതുപ്പള്ളി

ചാണ്ടി ഉമ്മൻ



കാഞ്ഞിരപ്പള്ളി

പ്രൊഫ. റോണി കെ. ബേബി



പൂഞ്ഞാർ

സെബാസ്റ്റ്യൻ എം. ജെ



പാല

മാണി സി കാപ്പൻ



കടുത്തുരുത്തി

മോൻസ് ജോസഫ്



ചങ്ങനാശേരി

വിനു ജോബ്

കേരളാ ടൈംസ്

INDIAN OVERSEAS CONGRESS USA

KERALA CHAPTER



തൃശ്ശൂർ ജില്ല

വിജയികൾക്ക്
അഭിനന്ദനങ്ങൾ



തൃശ്ശൂർ

രാജൻ ജെ. പല്ലൻ



ഇരിഞ്ഞാലക്കുട

തോമസ് ഉണ്ണിയാടൻ



ചാലക്കുടി

സന്തീഷ്കുമാർ ജോസഫ്



കൊടുങ്ങല്ലൂർ

അഡ്വ. ഒ. ജെ ജനീഷ്

കേരളാ ടൈംസ്


INDIAN OVERSEAS CONGRESS USA

KERALA CHAPTER

വയനാട് ജില്ല

വിജയികൾക്ക്
അഭിനന്ദനങ്ങൾ





കൽപ്പറ്റ

അഡ്വ. ടി.സിദ്ധിഖ്



സുൽത്താൻ ബത്തേരി

ഐ.സി ബാലകൃഷ്ണൻ



മാനന്തവാടി

ഉഷ വിജയൻ

കേരളാ ടൈംസ്

INDIAN OVERSEAS CONGRESS USA

KERALA CHAPTER



പാലക്കാട് ജില്ല

വിജയികൾക്ക്
അഭിനന്ദനങ്ങൾ

പാലക്കാട്



രമേഷ് പിഷാരടി

തൃത്താല



വി. ടി ബൽറാം

മണ്ണാർക്കാട്



അഡ്വ. എൻ ഷംസുദ്ദീൻ

ചിറ്റൂർ



സുമേഷ് അച്യുതൻ

കോങ്ങാട്



കെ. എ തുളസി

കേരളാ ടൈംസ്

INDIAN OVERSEAS CONGRESS USA

KERALA CHAPTER



മലപ്പുറം ജില്ല

വിജയികൾക്ക് അഭിനന്ദനങ്ങൾ



നിലമ്പൂർ

ആര്യാടൻ ഷൗക്കത്ത്



വണ്ടൂർ

എ. പി അനിൽ കുമാർ



തവനൂർ

വി. എസ് ജോയ്



പൊന്നാനി

നൗഷാദ് അലി



കൊണ്ടോട്ടി

ടി. പി അഷറഫ് അലി



ഏറനാട്

പി. കെ ബഷീർ



മഞ്ചേരി

എം. റഹ്മത്തുള്ള



പെരിന്തൽമണ്ണ

നജീബ് കാന്തപുരം



മങ്കട

മഞ്ഞളാംകുഴി അലി



മലപ്പുറം

പി.കെ കുഞ്ഞാലി കുട്ടി



വേങ്ങര

കെ. എം ഷാജി



വള്ളിക്കുന്ന്

ടി. വി ഇബ്രാഹിം



തിരൂരങ്ങാടി

പി. എം. എ സമീർ



താനൂർ

പി. കെ നവാസ്



തിരൂർ

കുറുക്കോളി മൊയ്തീൻ



കോട്ടക്കൽ

ആബിദ് ഹുസൈൻ തങ്ങൾ

കേരളാ കൈടംസ്

INDIAN OVERSEAS CONGRESS USA

KERALA CHAPTER



കോഴിക്കോട് ജില്ല

വിജയികൾക്ക് അഭിനന്ദനങ്ങൾ

പേരാമ്പ്ര



അഡ്വ. ഫാത്തിമ തഹ്‌ലിയ

കോഴിക്കോട് സൗത്ത്



ഫൈസൽ ബാബു

വടകര



കെ.കെ രമ

കോഴിക്കോട് നോർത്ത്



അഡ്വ. കെ. ജയന്ത്

കൊയിലാണ്ടി



അഡ്വ. കെ. പ്രവീൺ കുമാർ

ബാലുശ്ശേരി



വി.ടി സൂരജ്

നാദാപുരം



കെ.എം അഭിജിത്

ഏ ലത്തൂർ



അഡ്വ. വിദ്യ ബാലകൃഷ്ണൻ

കുറ്റ്യാടി



പാറക്കൽ അബ്ദുള്ള

കുന്ദമംഗലം



എം.എ റസാഖ്

കൊടുവള്ളി



പി.കെ ഫിറോസ്

തിരുവമ്പാടി



സി.കെ കാസിം

കേരളാ ടൈംസ്

INDIAN OVERSEAS CONGRESS USA


KERALA CHAPTER



കണ്ണൂർ ജില്ല

വിജയികൾക്ക് അഭിനന്ദനങ്ങൾ

പയ്യന്നൂർ



വി. കുഞ്ഞികൃഷ്ണൻ

തളിപ്പറമ്പ്



ടി.കെ ഗോവിന്ദൻ

പേരാവൂർ



അഡ്വ. സണ്ണി ജോസഫ്

ഇരിക്കൂർ



അഡ്വ. സജീവ് ജോസഫ്

കണ്ണൂർ



അഡ്വ. ടി.ഒ മോഹനൻ

കേരളാ KR ടൈംസ്

INDIAN OVERSEAS CONGRESS USA
KERALA CHAPTER



കാസർകോട് ജില്ല

വിജയികൾക്ക് അഭിനന്ദനങ്ങൾ



കേരള ടൈംസ്

സ്നേഹത്തിന്റെ തണൽമരം! പ്രപഞ്ചത്തിലെ ഏറ്റവും വലിയ പോരാളിക്ക് ഈ ദിനം സമർപ്പിക്കാം



ഭൂമിയിലെ ഏറ്റവും പവിത്രമായ പദമാണ് 'അമ്മ'. സ്നേഹത്തിന്റെയും സഹനത്തിന്റെയും കരുണയുടെയും പര്യായമായിട്ടാണ് ലോകം അമ്മയെ കാണുന്നത്. ദൈവത്തിന് എല്ലായിടത്തും നേരിട്ടെത്താൻ കഴിയാത്തതുകൊണ്ടാണ് അമ്മയെ സൃഷ്ടിച്ചതെന്ന ചൊല്ല് അമ്മയുടെ പ്രാധാന്യം എത്രത്തോളമാണെന്ന് നമുക്ക് കാട്ടിത്തരുന്നു. ഒരു കുഞ്ഞിന്റെ വളർച്ചയിലും സ്വഭാവരൂപീകരണത്തിലും അമ്മ വഹിക്കുന്ന പങ്ക് സമാനതകളില്ലാത്തതാണ്.

മാതൃത്വം എന്നത് കേവലം ഒരു ജൈവിക പ്രക്രിയയല്ല; അതൊരു വലിയ അർപ്പണമാണ്. ഒൻപത് മാസം സ്വന്തം ജീവന്റെ അംശമായി കുഞ്ഞിനെ ഉദരത്തിൽ ചുമക്കുമ്പോൾ മുതൽ ഒരു സ്ത്രീ അമ്മയായി മാറുന്നു. സ്വന്തം സുഖസൗകര്യങ്ങളും ആഗ്രഹങ്ങളും മാറ്റിവെച്ച് മക്കളുടെ സന്തോഷത്തിനായി ജീവിക്കുന്ന അമ്മ, ത്യാഗത്തിന്റെ മകുടോദാഹരണമാണ്.

ലോകത്തിലെ മറ്റേത് സ്നേഹത്തിനും പകരമായി വെക്കാൻ അമ്മയുടെ വാത്സല്യത്തിന് കഴിയില്ല.
കുട്ടികളുടെ ജീവിതത്തിലെ ആദ്യത്തെ ഗുരു അമ്മയാണ്. ലോകത്തെ പരിചയപ്പെടുത്തുന്നതും നല്ല ശീലങ്ങൾ പകർന്നുനൽകുന്നതും അമ്മയാണ്.

പ്രതിസന്ധികളിൽ തളരാതെ മുന്നേറാൻ മക്കളെ പ്രാപ്തരാക്കുന്ന അമ്മയുടെ വാക്കുകൾ ഏതൊരു പോരാളിക്കും ലഭിക്കുന്ന കരുത്തിന് തുല്യമാണ്. മക്കൾക്ക് തണലായും താങ്ങായും ജീവിതകാലം മുഴുവൻ ആ തണൽമരം നിലകൊള്ളുന്നു.
അമ്മയുടെ ത്യാഗത്തിന് മുന്നിൽ വാക്കുകൾ നിഷ്പ്രഭമാണ്.
ആ വിജയങ്ങൾക്ക് പിന്നിലെ യഥാർത്ഥ ശിൽപി പലപ്പോഴും നിശബ്ദമായി പ്രാർത്ഥനയോടെയിരിക്കുന്ന അമ്മയായിരിക്കും.
വാർധക്യത്തിൽ അമ്മമാരെ സംരക്ഷിക്കേണ്ടത് മക്കളുടെ കടമയാണ്. നമ്മൾ കൈക്കുഞ്ഞായിരുന്നപ്പോൾ നമ്മെ പൊതിഞ്ഞുപിടിച്ച ആ കൈകൾക്ക് ബലം കുറയുമ്പോൾ, അവർക്ക് കരുതലും സ്നേഹവും നൽകാൻ നമുക്ക് കഴിയണം.

ഇന്നത്തെ തിരക്കുപിടിച്ച ലോകത്ത് പലപ്പോഴും അമ്മമാരുടെ സ്നേഹം നാം വിലകുറച്ചു കാണാറുണ്ട്. എന്നാൽ ഒരു പുഞ്ചിരിയോ കുറച്ചു സമയത്തെ സംസാരമോ അവർക്ക് നൽകുന്ന ആശ്വാസം വലുതാണ്.
മാതൃദിനം എന്നത് വർഷത്തിലൊരിക്കൽ മാത്രം ആഘോഷിക്കേണ്ട ഒന്നല്ല. ഓരോ ദിവസവും അമ്മയെ ആദരിക്കാനും സ്നേഹിക്കാനും നമുക്ക് കഴിയണം.

എല്ലാ അമ്മമാർക്കും ഹൃദയം നിറഞ്ഞ മാതൃദിനാശംസകൾ...

വാർധക്യത്തിൽ താങ്ങും തണലുമാകേണ്ട മക്കൾ സ്വന്തം അമ്മമാരെ വൃദ്ധസദനങ്ങളുടെ നാലുചുവരുകൾക്കുള്ളിൽ ഉപേക്ഷിക്കുന്നത് ഇന്നത്തെ കാലത്തെ വേദനാജനകമായ കാഴ്ചയാണ്. ജന്മം നൽകി, തങ്ങളുടെ ജീവിതത്തിലെ നല്ലൊരു ഭാഗം മക്കൾക്കായി മാറ്റിവെച്ച അമ്മമാരോട് കാണിക്കുന്ന ഏറ്റവും വലിയ ക്രൂരതയാണിത്. സ്വന്തം സുഖസൗകര്യങ്ങൾക്കും സ്വാതന്ത്ര്യത്തിനും തടസ്സമാകുമെന്ന് കരുതി, തങ്ങളെ വളർത്തി വലുതാക്കിയവരെ അന്യരെപ്പോലെ നടതള്ളുന്നത് ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല.
വാർധക്യത്തിൽ മാതാപിതാക്കൾക്ക് ആവശ്യമുള്ളത് മുന്തിയ ഭക്ഷണത്തോ സൗകര്യങ്ങളോ അല്ല, മറിച്ച് മക്കളുടെയും മരുമക്കളുടെയും കൊച്ചുമക്കളുടെയും സ്നേഹവും സാമീപ്യവുമാണ്. ഏകാന്തതയും തിരസ്കരണവും വാർധക്യകാലത്തെ രോഗങ്ങളെക്കാൾ വലിയ വേദനയാണ് അവർക്ക് നൽകുന്നത്. ഒരു വീടിന്റെ ഐശ്വര്യമായി കഴിയേണ്ട അമ്മമാർ അനാഥാലയങ്ങളിലെ ജനലഴികൾക്കിടയിലൂടെ മക്കളുടെ വരവിനായി നോക്കിയിരിക്കേണ്ടി വരുന്നത് മാനവികതയുടെ പരാജയമാണ്. മാതാപിതാക്കളെ സംരക്ഷിക്കുക എന്നത് കേവലം ഒരു നിയമപരമായ ബാധ്യതയല്ല, മറിച്ച് ധാർമ്മികമായ ഉത്തരവാദിത്തമാണ്. നമ്മൾ ഇന്ന് അമ്മമാരോട് കാണിക്കുന്ന അതേ സമീപനം തന്നെയാകാം നാളെ നമ്മുടെ മക്കൾ നമ്മളോടും കാണിക്കുക എന്നത് ഓരോരുത്തരും ഓർമ്മിക്കേണ്ടതുണ്ട്. അമ്മയുടെ കണ്ണുനീർ വീഴുന്ന ഇടങ്ങളിൽ ഒരിക്കലും ഐശ്വര്യം ഉണ്ടാവില്ല. സ്നേഹവും പരിചരണവും നൽകി മാതൃത്വം ആദരിക്കപ്പെടേണ്ടത് സ്വന്തം വീടുകളിൽ വെച്ചായിരിക്കണം.
അമ്മയുടെ സാമീപ്യം നൽകുന്ന സുരക്ഷിതബോധം മറ്റൊരിടത്തു നിന്നും നമുക്ക് ലഭിക്കില്ല. ആ സ്നേഹത്തെ തിരിച്ചറിയാനും ബഹുമാനിക്കാനും നമുക്ക് സാധിക്കട്ടെ. ലോകത്തിലെ എല്ലാ അമ്മമാർക്കും ഹൃദയം നിറഞ്ഞ മാതൃദിനാശംസകൾ നേരുന്നു.






With Best Compliments

Life & Limb CHARITABLE TRUST

JOHNSON SAMUEL


Phone: (646) 996 - 1692

Website: www.Lifeandlimbs.org



MISSION

OUR MISSION IS TO PROVIDE INDIVIDUALIZED CARE AND SUPPORT THAT WILL ENABLE THE THOUSANDS OF AMPUTEES IN INDIA AND HELP BRING THEM ONE STEP CLOSER TO REGAINING CONTROL OF THEIR LIVES.



AVA

Touching everyone's life naturally
each day, by nurturing the needs
of customers world over,
with a wider range of
quality products and services



Dr. A.V.Anoop
Managing Director,
AVA Group of Companies
www.avanoop.com

MEDIMIX®
Trusted Since 1969



MELAM®
SINCE 1990



SANJEEVANAM®



Ayur

A World-Class Ayur Diamond Certified NABH Approved Ayurveda Hospital

Premium Facilities Under One Roof

- 8 Speciality Ayurveda Departments
- 70 beds & 4 Yoga Studios
- Operation Theatre
- Functional Fitness
- Separate Veg & Non - Veg Restaurant
- Game Room & 25 Seater Movie Theatre



SANJEEVANAM
AYURVEDA HOSPITAL
— KOCHI —

For online consultation

Kochi : Chakkothmala Road, Pallikkara,
Kakkanad, Kochi - 683 565, Kerala
For Booking: ☎+91 484 284 5000 +91 6282980003
namaste@sanjeevanam.com www.sanjeevanam.com

+91 44 4347 1800 1800 103 1282 www.avacare.in

കേരളാ ടൈംസ്

SELLING YOUR HOUSE? or BUYING A NEW HOME?





Serving New York Specialized in Queens & Nassau Counties



Mathew Thomas
ബാബു ചക്കുങ്കൽ
(Licensed Real Estate Broker)
Notary Public

Cell : 917.539.1652
Office : 718.831.0100
Fax : 718.831.0170

"For a Better Lifestyle"

CROSS ISLAND REALTY ONE, INC.
250-14A, Hillside Avenue, Bellerose, New York 11426
Email: crossislandrealtymathew@yahoo.com

• RESIDENTIAL • RENTALS • COMMERCIAL SALES

Physical therapy
WEST NYACK SPORTS MEDICINE

PHYSIATRIST AVAILABLE

WE BELIEVE IN TREATMENT THROUGH A COMPREHENSIVE APPROACH
by using the least amount of medication to get you better

SAJAN AUGUSTINE P.T.

TYPES OF THERAPY WE PROVIDE

NO MORE PAIN

+ Pain Management
+ Knee Pain
+ Back Pain
+ Neck Pain
+ Shoulder Pain
+ Orthopedic
+ Rehabilitation
+ Physiatry
+ Sports Injuries







WE ACCEPT
MEDICARE, MEDICAID & ALL OTHER MAJOR INSURANCES

CALL FOR APPOINTMENT
(845) 358-0019
369 SOUTH MAIN ST, NEWCITY, NY 10956, US

For additional details regarding enrollment, jobs, or general inquiries, please get in touch with Abylash J. George at 201-707-7895.


Eastwick College
RANKED AMONG
Top 100
Colleges in the U.S.[1]
Best Value (ROI)

[1] Based on a study by Georgetown University using data from two-ye-year colleges across the nation

· NO REGISTRATION FEE
· HYBRID BSN CLASSES
· FINANCIAL AID AVAILABLE[2]
· FREE BOOKS AND LAPTOP[3]
· FREE TEAS TESTING[3]
· ACCELERATED DEGREES

[1] Financial aid is avallable to those who quality
[3] Applicants to the TEAS hursing class must complete nd an entrance examination
[2] Associate and Technical Track programs are exclusively offered at Eastwick College


Eastwick College
PRIMDO RO MAGE
eastwick.edu 1-866-EASTWICK



Vincenté Jewelers
"where trust and service counts"
25 ATLANTIC AVENUE, FREEPORT, NY 11520,

കേരളാ ടൈംസ്









സ്ഥലം വില്പനയ്ക്ക്

4 Acres Land for sale

Near Govt. HS vennala

Contact

PAUL KARUKAPPILLIL - +91 8547730600

VARGHESE OLAHANNAN - (914) 673-7327

Land for sale

Kadayirupp - pattimattom road (synthete / padapparambu road - 10bel front road (driver shivanpillai - ponnachan opp plot)

Location: https://maps.google.com/?q=10.004673,76.446640

Contact

PAUL KARUKAPPILLIL -

+91 8547730600

+91 8921180055

BHARAT REALTY INC.

4 Massachusetts Ave.Congers, NY 10920

Tel: (845) 268-6782

SERVING ROCKLAND & ORANGE COUNTY

First Time Home Buyers ,New Construction ,Property Management

Real Estate Development


VARGHESE OLAHANNAN: (914) 673-7327

THOMAS NINAN: (845) 608-1934

WWW.BHARATREALTY.COM



കേരളാ ടൈംസ്



കർശന ഡയറ്റും മണിക്കൂറുകളിലെ ഉപവാസവും; 15 കിലോ കുറച്ച് ബേസിൽ ജോസഫിന്റെ അതിശയിപ്പിക്കുന്ന മാറ്റം



ഒരു വർഷത്തെ കഠിന പരിശ്രമത്തിനൊടുവിൽ 15 കിലോ ശരീരഭാരം കുറച്ച് ശ്രദ്ധേയമായ മാറ്റം സ്വന്തമാക്കിയിരിക്കുകയാണ് നടനും സംവിധായകനുമായ Basil Joseph. പുതിയ സിനിമയ്ക്കായി ശരീരം പൂർണമായി മാറ്റിപ്പണിയേണ്ടി വന്നതോടെയാണ് ബേസിൽ കർശനമായ ഡയറ്റും സ്ഥിരമായ വ്യായാമവും ജീവിതത്തിന്റെ ഭാഗമാക്കിയത്.

2025 ഏപ്രിലിൽ പുറത്തിറങ്ങിയ മരണമാസ് എന്ന ചിത്രത്തിന് ശേഷം പുതിയ സിനിമകളൊന്നും ഏറ്റെടുത്തിരുന്നില്ലെന്ന് ബേസിൽ പറഞ്ഞു. അതേസമയം, പുതിയ ചിത്രത്തിൽ കോളജ് വിദ്യാർഥിയായാണ് എത്തുന്നത്. അതിനാൽ ചെറുപ്പം തോന്നിക്കുന്ന ഫിറ്റായ ശരീരം ആവശ്യമായിരുന്നു. വേഗത്തിൽ വണ്ണം കൂടുന്ന ശരീരപ്രകൃതിയായതിനാൽ ഭാരം കുറയ്ക്കുന്നത് ഏറെ പ്രയാസമായിരുന്നുവെന്നും പലതവണ ശ്രമിച്ചിട്ടും പരാജയപ്പെട്ട അനുഭവമുണ്ടായിരുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

അതിനെത്തുടർന്നാണ് കർശന നിയന്ത്രണങ്ങളോടെ ജീവിതരീതി മാറ്റിയത്. ഇന്റർമിറ്റന്റ് ഫാസ്റ്റിങ് പിന്തുടർന്ന് ദിവസവും 14 മുതൽ 16 മണിക്കൂർ വരെ ഭക്ഷണം ഒഴിവാക്കുകയും തുടർന്ന് കഠിനമായ വ്യായാമം ചെയ്യുകയും ചെയ്തു. കാർഡിയോ പരിശീലനം, സ്ട്രെങ്ത് ട്രെയിനിങ്, ദിവസവും 8 മുതൽ 10 കിലോമീറ്റർ വരെ ഓട്ടം എന്നിവ സ്ഥിരമായി ചെയ്തിരുന്നു. രണ്ട് മണിക്കൂർ നീണ്ട വ്യായാമത്തിന് ശേഷമാണ് ഭക്ഷണം കഴിച്ചിരുന്നത്. ഇതിലൂടെ ശരീരത്തിലെ അമിത കലോറി വേഗത്തിൽ കത്തിക്കാൻ സാധിച്ചതായും ബേസിൽ പറഞ്ഞു.

ഭക്ഷണകാര്യങ്ങളിലും വലിയ നിയന്ത്രണങ്ങളാണ് പാലിച്ചത്. മധുരം പൂർണമായി ഒഴിവാക്കാനായില്ലെങ്കിലും അളവ് കുറച്ചു. എണ്ണയേറിയ ഭക്ഷണങ്ങൾ പൂർണമായി ഒഴിവാക്കി. ഡയറ്റ് കൃത്യമായി പാലിക്കാനായി പ്രത്യേക ഷെഫിനെയും നിയമിച്ചു. ഒലീവ് ഓയിലിൽ പാകം ചെയ്ത ആരോഗ്യകരമായ ഭക്ഷണങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തിയത്.

ഈ മാറ്റങ്ങൾ ശരീരഭാരത്തിൽ മാത്രമല്ല, ജീവിതശൈലിയിലും വലിയ സ്വാധീനം ചെലുത്തിയെന്ന് ബേസിൽ പറയുന്നു. മാനസികാരോഗ്യം മെച്ചപ്പെട്ടതായും ഉറക്കത്തിന്റെ ഗുണമേന്മ ഉയർന്നതായും അദ്ദേഹം വ്യക്തമാക്കി. പുതിയ ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പുറത്തുവന്നപ്പോൾ പലർക്കും തന്റെ മാറ്റം വിശ്വസിക്കാനായില്ലെന്നും ചിലർ അത് കൃത്രിമ ബുദ്ധിയുടെ സഹായത്തോടെ സൃഷ്ടിച്ചതാണെന്ന് കരുതി തമാശയായി പ്രതികരിച്ചുവെന്നും ബേസിൽ പറഞ്ഞു.

ഇന്റർമിറ്റന്റ് ഫാസ്റ്റിങ് എന്ന ഭക്ഷണരീതി ഇന്ന് ലോകമെമ്പാടും ശ്രദ്ധ നേടിക്കൊണ്ടിരിക്കുകയാണ്. എന്ത് ഭക്ഷണം കഴിക്കുന്നു എന്നതിനെക്കാൾ എപ്പോൾ ഭക്ഷണം കഴിക്കുന്നു എന്നതിലാണ് ഈ രീതിയുടെ പ്രധാന ശ്രദ്ധ. സാധാരണയായി 16 മണിക്കൂർ ഉപവാസവും ശേഷിക്കുന്ന 8 മണിക്കൂറിനുള്ളിൽ ഭക്ഷണം കഴിക്കുന്ന രീതിയുമാണ് പിന്തുടരുന്നത്. ഇതിലൂടെ ശരീരത്തിലെ കലോറി അളവ് നിയന്ത്രിക്കപ്പെടുകയും ഇൻസുലിൻ പ്രവർത്തനം മെച്ചപ്പെടുകയും കൊഴുപ്പ് കുറയാൻ സഹായിക്കുകയും ചെയ്യുന്നു. കൂടാതെ ദഹനം മെച്ചപ്പെടുത്താനും ശരീരത്തിലെ അണുബാധാ സാധ്യത കുറയ്ക്കാനും മാനസികാരോഗ്യം ശക്തിപ്പെടുത്താനും ഈ രീതിക്ക് കഴിയുമെന്നാണ് ആരോഗ്യവിദഗ്ധർ പറയുന്നത്.

യൂറിക് ആസിഡിന്റെ അളവ് നിയന്ത്രിക്കുന്നതിൽ ഭക്ഷണക്രമത്തിന് വലിയ പങ്കുണ്ട്.





യൂറിക് ആസിഡിന്റെ അളവ് കുറയ്ക്കാൻ ധാരാളം വെള്ളം കുടിക്കേണ്ടത് അത്യാവശ്യമാണ്; ഇത് ശരീരത്തിൽ നിന്ന് യൂറിക് ആസിഡിനെ പുറന്തള്ളാൻ സഹായിക്കും. പ്യൂരിൻ കൂടുതലായി അടങ്ങിയ റെഡ് മീറ്റ്, സീഫുഡ് (ചാള, അയല, കൊഞ്ച്, കക്ക), കൂൺ, കോളിഫ്ലവർ, മദ്യപാനം എന്നിവ പൂർണ്ണമായും ഒഴിവാക്കുക.

നാരുകളടങ്ങിയതും വിറ്റാമിൻ സി ധാരാളമായി അടങ്ങിയതുമായ പഴങ്ങളും പച്ചക്കറികളും ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് നല്ലതാണ്. ചെറി, സ്ട്രോബെറി, വാഴപ്പഴം, ഓറഞ്ച് തുടങ്ങിയ പഴങ്ങളും തൈര്, പാൽ പോലുള്ള കൊഴുപ്പ് കുറഞ്ഞ പാലുൽപ്പന്നങ്ങളും കഴിക്കാം. ദിവസവും രാവിലെ ചെറുചൂടുവെള്ളത്തിൽ നാരങ്ങാനീര് ചേർത്ത് കുടിക്കുന്നത് യൂറിക് ആസിഡിന്റെ അളവ് കുറയ്ക്കാൻ സഹായിക്കും.

ശരീരഭാരം നിയന്ത്രിക്കുക, പതിവായി വ്യായാമം ചെയ്യുക, ആവശ്യത്തിന് വിശ്രമിക്കുക എന്നിവയും പ്രധാനമാണ്. ശരിയായ ഭക്ഷണക്രമവും ജീവിതശൈലി മാറ്റങ്ങളും വഴി യൂറിക് ആസിഡ് നിയന്ത്രിക്കാൻ കഴിയും.



Our service areas:

1. Periodic visit
2. Regular House/flat check
3. Damage reporting with photos/ videos
4. General maintenance
5. Weekly/Monthly cleaning
6. Weed clearing
7. Pest Control
8. Paying utility bills (Tax, broadband, electricity, water,DTH,gas,cctv)
9. Renovation works
10. Plot clearing and facility management
11. Rental/ sale assistance

Our services are provided in and around Cochin, Kottayam, Alapuzha, Pathanamthitta and Trivandrum.

For more details contact us on +919778349100

നിങ്ങളുടെ അടഞ്ഞുകിടക്കുന്ന വീടോ പ്ലാറ്റോ സ്ഥലമോ നോക്കാൻ ആളില്ലാതെ വിഷമിക്കുകയാണോ?

എങ്കിൽ പ്രോപ്പർട്ടി മാനേജ്മെന്റ് ടീമിനെ ഏൽപ്പിക്കൂ
നിങ്ങൾക്ക് ആവശ്യമായിട്ടുള്ള എല്ലാ സേവനങ്ങളും ചെയ്തുതരും
ഫോൺ- 9778349100

കേരളാ ടൈംസ്

SAJ EARTH RESORT & CONVENTION CENTER



SAJ JUNCTION, NEAR COCHIN INTERNATIONAL AIRPORT,
NEDUMBASSERY, COCHIN, KERALA, INDIA – 683572
0484-2611777 sales@sajhotels.com

National Life Group®
Experience Life®

Aflac



SHIRLEY JOHN, PT PhD
LICENSED INSURANCE AGENT FOR LIFE, HEALTH AND ANNUITIES – (NY, NJ, FL, GA, NC, MD, DE)

914-255-6155 (Call/Text)
SHIRLEYJOHNPFA@GMAIL.COM

Free Consultation

NLG - For all your Life, Annuity, and IRA needs.
- Tax Free Retirement
- Life Insurance with Full Living Benefits
- College Funds with No Penalties
- Mortgage Protection
- Income Replacement
- Interest Free Loans

Aflac – For your company's supplemental insurance



CENTURY 21 ROYAL

BUYING AND SELLING
LICENSED IN NY & CT
Commitment and Exceptional Service

JITHIN VARGHESE
Associate Real Estate Broker
914 406 3873
jithin@century21royal.com
www.century21.com
697 Central Park Avenue
Scarsdale, NY 10583

NOW TAKE OUT ONLY

Salkara
AUTHENTIC INDIAN RESTAURANT



നാടൻ കപ്പ ബിരിയാണി
KAPPA BIRIYANI

Explore the Rich Flavors of Tandoori Cuisine

TODAY SPECIAL MENU

Kappa Biriyani	
Chicken Dum Biriyani [Thalassery Special]	Chicken Roast
Thattukada Chicken Fry	Beef Fry
Chicken Curry	Beef Curry
Tandoori Chicken	Fish Tawa Fry
Chicken Malai Kebab	Fish Curry
Chicken Tikka	Kappa
Chicken Hariyali Kebab	Paratha
Tandoori Mix Kebab	Chapati
Chilli Chicken	Naan


Snacks also Available

OPENING HOURS: Every Day 11.30am to 9pm

We Accept Pre-Orders
551-346-5993 | 551 221-3753

209 W Route 59, Nanuet, New York 10954

The Finest in Indian Cuisine
SPICE VILLAGE
ZAGAT SURVEY



FREE DELIVERY
Take - Out Available
GIFT CERTIFICATES AVAILABLE

ALL-YOU-CAN-EAT LUNCH BUFFET $10.95 MONDAY-FRIDAY
$15.95 SAT. & SUN. 7 DAYS. 12PM-2.30PM ONLY

SPICE VILLAGE
8 Columbus Ave. Tuckahoe . (914) 779-5400
(914) 340-8415 . Spicevillageny.com
Open 7 Days (Closed daily 2:30pm-5pm) . Buffet: Mon-Sun. Noon: 2.30pm . Extended Buffet Sat &
Lunch: Mon-Sun. Noon-2.30pm. Dinner: Sun-Thurs 5-10pm Fri & Sat 5-10.30pm
Indoor & Ourdoor Catering Services

SECURECASH

Cash Management Simplified
astest growing cash logistics provider in the New York metro regio

- Armored Cash-In-Transit
- ATM Servicing & Balancing
- Currency Processing
- Cash Buy & Sell Services
- Bank Inventory Services
- SmartSafe Sales and Service
- S&G and Cencon (Kaba) Lock sales



718-473-0959
www.securecashllc.com

കേരളാ ടൈംസ്

കേരള ടൈംസ് ഓൺലൈൻ പോർട്ടലിന്റെ ഉദ്ഘാടനം മെഗാസ്റ്റാർ ഭരത് മമ്മൂട്ടി നിർവ്വഹിച്ചപ്പോൾ







കേരളാ ടൈംസ്



സഭാ തിരഞ്ഞെടുപ്പും വരുംതലമുറയും: അധികാരക്കസേരകൾക്കിടയിൽ നഷ്ടമാകുന്ന ആത്മീയത

പി. പി. ചെറിയാൻ



പ്രാർത്ഥനയുടെ നിർമ്മലതയും സ്നേഹത്തിന്റെ ഐക്യവും നിറഞ്ഞുനിൽക്കേണ്ട സഭാ അങ്കണങ്ങൾ ഇന്ന് പലപ്പോഴും പോർവിളികളുടെയും അധികാര തർക്കങ്ങളുടെയും വേദിയായി മാറുകയാണ്. സഭയ്ക്കുള്ളിലെ 'ഡേർട്ടി പൊളിറ്റിക്സ്' അഥവാ ചതുരംഗക്കളികൾ സത്യവിശ്വാസത്തെ എത്രത്തോളം മലിനമാക്കുന്നു എന്നതിനെക്കുറിച്ച് ഗൗരവകരമായ ഒരു പുനർചിന്തനം അനിവാര്യമായിരിക്കുന്നു. മനുഷ്യസഹജമായ അഹന്തയും അധികാരമോഹവും ദൈവീകമായ 'വിശ്രമത്തിന്' തടസ്സമാകുന്ന കാഴ്ചയാണ് സമകാലിക സഭാ തിരഞ്ഞെടുപ്പുകളിൽ നാം കാണുന്നത്.

ഇന്നത്തെ സഭാ തിരഞ്ഞെടുപ്പുകളിൽ കാണുന്ന വിഭാഗീയതയും ചേരിതിരിഞ്ഞുള്ള ബഹളങ്ങളും ഒരു ജനാധിപത്യ മാതൃകയാണെന്ന് നമ്മുടെ യുവതലമുറ തെറ്റിദ്ധരിക്കരുത്. നിലവിലെ ഈ അരാജകത്വം ഒരു സ്വാഭാവികമായ രീതിയല്ല, മറിച്ച് തിരുത്തപ്പെടേണ്ട അപചയമാണെന്ന ബോധ്യം അവർക്കുണ്ടാകണം. അധികാരത്തിനുവേണ്ടിയുള്ള ഈ വടംവലികൾ വരുംതലമുറയ്ക്ക് മുന്നിൽ വരച്ചു കാട്ടുന്നത് വിഭാഗീയതയുടെ ഒരു ബ്ലൂപ്രിന്റ് ആണ്.

സഭയെന്നത് ആളുകളെ ഒരുമിപ്പിക്കേണ്ട ഇടമാണ്. എന്നാൽ സേവനമെന്ന മനോഭാവത്തിന് പകരം പദവികളോടുള്ള ആർത്തി കൂടുമ്പോൾ, അവിടെ യഥാർത്ഥ നേതൃത്വം ഇല്ലാതാകുന്നു. സാമൂഹികമായ ഐക്യം തകർക്കുന്ന ഒന്നല്ല നേതൃത്വം; മറിച്ച് തുന്നിച്ചേർക്കുന്നതാകണം.

"മനുഷ്യൻ സ്വയം 'ഹീറോ' ആകാൻ ശ്രമിക്കുന്നിടത്ത് ദൈവത്തിന് സ്ഥാനമില്ലാതാകുന്നു." സഭയിലെ രാഷ്ട്രീയത്തെക്കാൾ പ്രധാനം ആത്മീയമായ അച്ചടക്കവും വിശുദ്ധിയുമാണെന്ന് നാം തിരിച്ചറിയണം. മനുഷ്യൻ നിർമ്മിച്ച അനാവശ്യമായ ചിട്ടവട്ടങ്ങൾക്കും രാഷ്ട്രീയത്തിനും അപ്പുറം, ദൈവത്തിന്റെ സാന്നിധ്യത്തിലേക്കും പ്രകൃതിദത്തമായ ആത്മീയതയിലേക്കും തിരിച്ചുപോകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

യഥാർത്ഥ ആത്മീയത എന്നത് പ്രവർത്തനങ്ങളിൽ നിന്ന് മാറിനിൽക്കലല്ല. അതിനെക്കുറിച്ച് മനോഹരമായ ഒരു നിരീക്ഷണമുണ്ട്:"യഥാർത്ഥ വിശ്രമം എന്നത് ജോലിയുടെ അഭാവമല്ല, മറിച്ച് ജോലിക്കിടയിലും അനുഭവിക്കുന്ന ദൈവസാന്നിധ്യമാണ്."

സങ്കീർത്തനങ്ങൾ 133:1 ഓർമ്മിപ്പിക്കുന്നത് പോലെ, "സഹോദരങ്ങൾ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു." നേതൃത്വം എന്നത് കേവലം പദവിയല്ല, മറിച്ച് ശുശ്രൂഷയാണെന്ന ക്രിസ്തീയ ദർശനം ഓരോ വിശ്വാസിയും നെഞ്ചേറ്റണം. വിഭജനത്തിന്റെ ഈ പാറ്റേണുകൾ ഭാവിയിൽ ആവർത്തിക്കപ്പെടാതിരിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.


കലുഷിതമായ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിനിടയിലും ദൈവീകമായ ആത്മീയ സ്വസ്ഥത കണ്ടെത്താൻ വിശ്വാസികൾക്ക് സാധിക്കണം. അധികാരക്കസേരകളേക്കാൾ വലുതാണ് ആത്മരക്ഷയെന്നും, ബഹളങ്ങളേക്കാൾ വലുതാണ് വിശുദ്ധിയെന്നും വരുംതലമുറയെ പഠിപ്പിക്കാൻ നമുക്ക് കഴിയണം. സഭ അതിന്റെ ആത്മീയ അടിത്തറയിലേക്ക് മടങ്ങിപ്പോകട്ടെ.








കേരളാ ടൈംസ്


In Loving Memory Of














കേരളാ ടൈംസ്

PARK FUNERAL CHAPELS

Generations of Dignified Personal Service



SINCE 1907 FAMILIES HAVE COUNTED ON US TO HELP THEM THROUGH DIFFICULT TIMES,
AND WE HAVE ALWAYS BEEN THERE BY PROVIDING DIGNIFIED PERSONAL SERVICE.

WWW.PARKFUNERALCHAPELS.COM

GARDEN CITY PARK, NY 11040

T: (516) 747-4300

For magazine, online and newspaper advertising please contact

Paul Karukappillil

+1(845) 553-5671 (USA)

+918547730600 (India)

GLOBAL COLLISION
& BODY WORKS LLC

AUTO BODY SERVICES

- Painting & Auto Body Work
- Wet Sanding & Detailing
- ADAS Calibration
- Windshield & Glass Replacement
- Towing Services

Electric & Hybrid Vehicle Auto Body and Collision Experts

Sensor and Radar Systems Experts

Complete Restoration Services Offered





CONTACT US 845- 727-4022

333 Rte 9W, Congers, NY 10920

Mon - Fri 9:00 AM - 6 PM
Sat 9:00 AM - 1:00 PM
Sun Closed